# NATIONAL BULLETIN

**DATE : 05.01.2025** | പ്രധാന വാർത്തകൾ | **TIME 07.25 AM**

1.) ഡൽഹിയിൽ 12,200 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും.

**Prime Minister Narendra Modi to launch various development projects worth Rs 12,200 crore in Delhi today.**

2.) രാജ്യത്തെ പൗരന്മാരുടെ വ്യക്തിഗത വിവരങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതാണ് കരട് ഡിജിറ്റൽ വ്യക്തിവിവര സുരക്ഷാ ചട്ടമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

**The draft Digital Personal Data Protection Rules 2025 will protect citizen's data and safeguard their rights says Union Minister Ashwini Vaishnav.**

3.) യുഎസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക്ക് സള്ളിവൻ രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ന്യൂഡൽഹിയിലെത്തും.

**US National Security Advisor Jake Sullivan will arrive in New Delhi today for a two-day visit.**

4.) 63 ആമത് കേരള സംസ്ഥാന സ്കൂൾ കലോത്സവം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. 25 വേദികളിലായി ഇന്ന് 60 ഓളം ഇനങ്ങളിൽ മത്സരം.

**The 63rd Kerala State School Kalolsavam is underway in Thiruvananthapuram. Competitions in 60 events will be held today at 25 venues.**

5.) ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് - പഞ്ചാബ് എഫ്സിയെ നേരിടും.

In ISL football, Kerala Blasters will face Punjab FC today.

6.) ബോർഡർ-ഗവാസ്കർ ട്രോഫിയുടെ അവസാന ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ ഓസ്ട്രേലിയയ്ക്ക് 162 റൺസ് വിജയലക്ഷ്യം.

India sets a target of 162 runs against Australia in the final Test of the Border-Gavaskar Trophy.

**************************************************************

**HEADLINE-1**

## PM - DELHI PROJECTS

ഡൽഹിയിൽ 12,200 കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് നിർവഹിക്കും. സാഹിബാബാദിനും ന്യൂ അശോക് നഗറിനും ഇടയിൽ 4,600 കോടി രൂപയുടെ ഡൽഹി-ഗാസിയാബാദ്-മീററ്റ് നമോ ഭാരത് ഇടനാഴിയുടെ പൂർത്തിയായ 13 കിലോമീറ്റർ ഭാഗം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. നമോ ഭാരത് ട്രെയിനിലും അദ്ദേഹം യാത്ര ചെയ്യും. ഡൽഹി മെട്രോ നാലാം ഘട്ടത്തിലെ 2.8 കിലോമീറ്റർ പാതയും ശ്രീ മോദി ഉദ്ഘാടനം ചെയ്യും. ഡൽഹി മെട്രോ നാലാം ഘട്ടത്തിന്റെ 26.5 കിലോമീറ്റർ റിത്താല-കുണ്ഡ്ലി ഭാഗത്തിന്റെ തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും. ന്യൂഡൽഹിയിലെ രോഹിണിയിൽ സെൻട്രൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അത്യാധുനിക കെട്ടിടത്തിന് അദ്ദേഹം തറക്കല്ലിടും. പദ്ധതിയുടെ ഉദ്ഘാടനം പ്രാദേശിക കണക്റ്റിവിറ്റി വർദ്ധിപ്പിക്കാനും ഡൽഹിയിലെ ജനങ്ങൾക്ക് യാത്രാ സൗകര്യം ഉറപ്പാക്കാനും സഹായിക്കും.

**************************

**HEADLINE-2**

# ASHWINI VAISHNAW (INTRO)

രാജ്യത്തെ പൗരന്മാരുടെ വ്യക്തിഗത വിവരങ്ങളും അവരുടെ അവകാശങ്ങളും സംരക്ഷിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതാണ് കരട് ഡിജിറ്റൽ വ്യക്തിവിവര സുരക്ഷാ ചട്ടം 2025 എന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. കരട് ചട്ടങ്ങളിൽ മൂന്ന് പ്രധാന ഘടകങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി ആകാശവാണി വാർത്തകളോട് പറഞ്ഞു. പൗരന്മാരുടെ വ്യക്തിഗത വിവരങ്ങൾ പരിരക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ, കുട്ടികൾ അഭിമുഖീകരിക്കാനിടയുള്ള ഡിജിറ്റൽ അപകടസാധ്യതകൾ തടയുന്നതിനുള്ള നടപടികൾ, പൗരന്മാരെ അവരുടെ അവകാശങ്ങൾ എളുപ്പത്തിൽ വിനിയോഗിക്കാൻ പ്രാപ്തരാക്കുന്ന വ്യവസ്ഥകൾ എന്നിവയാണ് ആ മൂന്ന് പ്രധാന ഘടകങ്ങൾ എന്നും അദ്ദേഹം വ്യക്തമാക്കി.

(വോയിസ് ഓവർ)

**************************

**HEADLINE-3**

# US NSA - INDIA VISIT

രണ്ടു ദിവസത്തെ സന്ദർശനത്തിനായി യുഎസ് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക്ക് സള്ളിവൻ ഇന്ന് ന്യൂഡൽഹിയിലെത്തും, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലുമായി അദ്ദേഹം ചർച്ച നടത്തും. ബഹിരാകാശം, പ്രതിരോധം, ഇന്തോ-പസഫിക്ക് മേഖലയിലെ സുരക്ഷാ മുൻഗണനകൾ, സാങ്കേതിക സഹകരണം ഉൾപ്പെടെ വിവിധ വിഷയങ്ങൾ ചർച്ചയാകും.

വിദേശകാര്യ മന്ത്രി എസ് ജയശങ്കറുമായും ജെയ്ക്ക് സള്ളിവൻ കൂടിക്കാഴ്ച നടത്തും. ഡൽഹിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി സന്ദർശിക്കുന്ന അദ്ദേഹം യുവ ഇന്ത്യൻ സംരംഭകരുമായി കൂടിക്കാഴ്ച നടത്തും.

**************************

## ISRO

ഇന്ത്യയുടെ ആദ്യത്തെ ബഹിരാകാശ യന്ത്രക്കൈ പ്രവർത്തനക്ഷമമായതായി ISRO. ബഹിരാകാശ റോബോട്ടിക്സിൽ രാജ്യത്തിന് അഭിമാനകരമായ നാഴികക്കല്ലാണിത്. VSSC യുടെ CROPS ദൗത്യത്തിന്റെ ഭാഗമായി നാല് ദിവസം കൊണ്ട് ബഹിരാകാശത്ത് പയർ വിത്തുകൾ വിജയകരമായി മുളപ്പിച്ചതായും ISRO അറിയിച്ചു.

**************************

## ASHWANI VAISHNAV-EXAM WARRIORS ART FESTIVAL

പരീക്ഷാസമയത്ത് കുട്ടികൾ സമ്മർദ്ദത്തിലാകരുതെന്നും ജീവിതത്തോട് അഭിനിവേശമുള്ളവരായിരിക്കണമെന്നും കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഡൽഹിയിൽ NDMC ആതിഥേയത്വം വഹിച്ച എക്സാം വാരിയേഴ്സ് കലോത്സവത്തിൽ കുട്ടികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. അഭിനേതാക്കളും കായികതാരങ്ങളും അവരുടെ ജോലിയിൽ അഭിനിവേശമുള്ളവരായതിനാലാണ് മികച്ച പ്രകടനം കാഴ്ചവെക്കുന്നതെന്നും കേന്ദ്രമന്ത്രി പറഞ്ഞു. വിവിധ സ്കൂളുകളിൽ നിന്നായി അയ്യായിരത്തോളം കുട്ടികൾ പരിപാടിയിൽ പങ്കെടുത്തു.

**************************

## CHINA- RESPIRATORY ILLNESSES

ചൈനയിൽ പടർന്നു പിടിക്കുന്ന ശ്വാസകോശ സംബന്ധമായ അസുഖങ്ങൾ നിരീക്ഷിക്കാൻ കേന്ദ്ര ആരോഗ്യ മന്ത്രാലയം സംയുക്ത യോഗം വിളിച്ചു. ആരോഗ്യ ഹെൽത്ത് സർവിസസ് ഡയറക്ടർ ജനറലിന്റെ അധ്യക്ഷതയിൽ ഡൽഹിയിലാണ് യോഗം ചേർന്നത്. ലോകാരോഗ്യ സംഘടന, ദുരന്ത നിവാരണ സെൽ, സംയോജിത രോഗ നിരീക്ഷണ പരിപാടി, ദേശീയ രോഗ നിയന്ത്രണ കേന്ദ്രം, ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്, എമർജൻസി മെഡിക്കൽ റിലീഫ് വിഭാഗം, ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ധർ യോഗത്തിൽ പങ്കെടുത്തു. ചൈനയിലെ സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്നും സമയബന്ധിതമായ വിവരങ്ങൾ പങ്കിടാൻ ലോകാരോഗ്യ സംഘടനയോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

**************************

## VIRUS-KERALA-VEENA GEORGE

ചൈനയിൽ വൈറസ് പടരുന്നതുമായി ബന്ധപ്പെട്ട് വരുന്ന വാർത്തകളിൽ കേരളത്തിൽ ആശങ്ക വേണ്ടെന്ന് മന്ത്രി വീണാജോർജ്. ഗർഭിണികൾ, പ്രായമുള്ളവർ, ഗുരുതര ആരോഗ്യ പ്രശ്നമുള്ളവർ എന്നിവർ മാസ്ക് ധരിക്കുന്നത് അഭികാമ്യമാണെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനം സസൂക്ഷ്മം സ്ഥിതിഗതികൾ വിലയിരുത്തുന്നുണ്ടെന്നും

**************************

## AARALAM FARM-CM KERALA

കണ്ണൂർ ആറളം ഫാമിംഗ് കോർപ്പറേഷൻ തൊഴിലാളികളുടെ കുടിശ്ശികയായുള്ള ശമ്പളവും ആനുകൂല്യങ്ങളും തീർപ്പാക്കുന്നതിന് നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ചേർന്ന യോഗത്തിലാണ് തീരുമാനം. 2023 ഏപ്രിൽ - ജൂൺ, 2024 ഫെബ്രുവരി, മാർച്ച്, നവംബർ മാസങ്ങളിലെ ശമ്പള കുടിശ്ശികയാണ് തീർപ്പാക്കാനുള്ളത്. പിരിഞ്ഞുപോയ 36 തൊഴിലാളികൾക്ക് ശമ്പള കുടിശ്ശികയും മറ്റ് ആനുകൂല്യങ്ങളും നൽകാനുണ്ട്. ഭൂമിക്ക് വേണ്ടി ലഭിച്ച 1330 അപേക്ഷകളിൽ 303 പേരെ യോഗ്യരായി കണ്ടെത്തിയിട്ടുണ്ട് ഇവർക്ക് സമയബന്ധിതമായി ഭൂമി ലഭ്യമാക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

***************************

**HEADLINE-4**

## KALOTHSAVAM (INTRO)

63 ആമത് കേരള സംസ്ഥാന സ്കൂൾ കലോത്സവം രണ്ടാം ദിനത്തിലേക്ക് കടന്നു. മുൻ നിശ്ചയിച്ച പ്രകാരമുള്ള 60 ഓളം ഇനങ്ങൾ 25 വേദികളിലായി ഇന്ന് അരങ്ങേറും. ആദ്യ ദിനമായ ഇന്നലെ 58 മത്സരയിനങ്ങൾ പൂർത്തിയായപ്പോൾ 210 പോയിന്റുമായി കണ്ണൂർ ജില്ലയാണ് ഒന്നാം സ്ഥാനത്ത്. 209 പോയിൻറുമായി തൃശൂർ രണ്ടാമതും 208 പോയിന്റുമായി കോഴിക്കോട് മൂന്നാമതുമാണ്. ആതിഥേയരായ തിരുവനന്തപുരം ജില്ല 194 പോയിൻറുമായി 7 ആം സ്ഥാനത്താണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്....**

(വോയിസ്)

**************************

## KOLLAM ACCIDENT

കൊല്ലം ചടയമംഗലത്ത് കാർ ടൂറിസ്റ്റ് ബസുമായി കൂട്ടിയിടിച്ച് 2 പേർ മരിച്ചു. ശബരിമല ക്ഷേത്ര ദർശനം കഴിഞ്ഞ് മടങ്ങിയ കന്യാകുമാരി സ്വദേശികളായ ശരവണൻ, ഷണ്മുഖൻ എന്നിവരാണ് മരിച്ചത്. അർദ്ധരാത്രി ആയിരുന്നു അപകടം.

**************************

## NATIONAL BIRD DAY

ഇന്ന് ദേശീയ പക്ഷി ദിനം. പക്ഷികളുടെ പ്രാധാന്യത്തെക്കുറിച്ചും അവയുടെ ആവാസ വ്യവസ്ഥകളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനാണ് എല്ലാ വർഷവും ജനുവരി 5 ന് ഈ ദിനം ആഘോഷിക്കുന്നത്. പക്ഷികളുടെ പാരിസ്ഥിതിക പ്രാധാന്യവും അവയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ദിനാഘോഷം ലക്ഷ്യമിടുന്നു.

**************************

### HEADLINE-5

## FOOTBALL- INDIAN SUPER LEAGUE

ഐ എസ് എൽ ഫുട്ബോളിൽ ഇന്നലെ നടന്ന മത്സരത്തിൽ ജംഷഡ്പൂർ എഫ്സി 2-1ന് ബെംഗളൂരു എഫ്സിയെ പരാജയപ്പെടുത്തി. ജംഷഡ്പൂരിന് ഹോം ഗ്രൗണ്ടിലെ തുടർച്ചയായ നാലാം വിജയമാണിത്. ഇന്നലെ നടന്ന മറ്റൊരു മത്സരത്തിൽ 4-2 ന് ഒഡീഷ എഫ്സിയെ എഫ്സി ഗോവ തകർത്തു. ഇന്ന് വൈകിട്ട് കേരള ബ്ലാസ്റ്റേഴ്സ് - പഞ്ചാബ് എഫ്സിയെ നേരിടും. രാത്രി 7.30

ന് ഡൽഹി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

***************************

**HEADLINE-6**

## TEST CRICKET - BGT- TARGET

സിഡ്നിയിൽ നടക്കുന്ന ബോർഡർ-ഗവാസ്കർ ട്രോഫിയിലെ അവസാന ക്രിക്കറ്റ് ടെസ്റ്റ് ആവേശകരമായ അന്ത്യത്തിലേക്ക്. മത്സരത്തിന്റെ മൂന്നാം ദിനം, 6 വിക്കറ്റ് നഷ്ടത്തിൽ 141 റൺസ് എന്ന നിലയിൽ രണ്ടാം ഇന്നിംഗ്സ് പുനരാരംഭിച്ച ഇന്ത്യ 157 റൺസിന് എല്ലാവരും പുറത്തായി. 162 റൺസാണ് ഓസ്ട്രേലിയയുടെ വിജയലക്ഷ്യം. ഉച്ചഭക്ഷണത്തിന് പിരിയുമ്പോൾ ഓസ്ട്രേലിയ 3 വിക്കറ്റ് നഷ്ടത്തിൽ 71 റൺസ് എന്ന നിലയിലാണ്.

***************************

## HIL - HOCKEY- COMBINED

ഹോക്കി ഇന്ത്യ ലീഗിൽ, റൂർക്കേലയിലെ ബിർസ മുണ്ട സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ടീം ഗോനാസിക, ഹൈദരാബാദ് തൂഫാൻസിനെ 3-1 ന് പരാജയപ്പെടുത്തി. അതേ വേദിയിൽ നടന്ന മറ്റൊരു മത്സരത്തിൽ ഡൽഹി എസ്ജി പൈപ്പേഴ്സിനെതിരെ ബംഗാൾ ടൈഗേഴ്സ് 4-1ന് അനായാസ ജയം സ്വന്തമാക്കി.

***************************

## MAHA KUMBH - INTERNATIONAL

സ്പെയിനിൽ നടക്കുന്ന അന്താരാഷ്ട്ര വിനോദസഞ്ചാര മേളയിൽ ഈ വർഷത്തെ മഹാ കുംഭമേളയുടെ മഹത്വം ലോകത്തിന് മുമ്പിൽ അവതരിപ്പിക്കുമെന്ന് ഉത്തർപ്രദേശ്

വിനോദസഞ്ചാര വകുപ്പ്. മഹാ കുംഭമേളയുടെ ആത്മീയവും ചരിത്രപരവും സാംസ്കാരികവുമായ പ്രാധാന്യം ഉയർത്തിക്കാട്ടി, മാനവികതയുടെ സാംസ്കാരിക പൈതൃകമായി മേളയെ അവതരിപ്പിക്കും. മാഡ്രിഡിൽ നടക്കുന്ന വിനോദസഞ്ചാര മേളയിൽ പരമാവധി ദൃശ്യപരത ഉറപ്പാക്കി കുംഭമേളയുമായി ബന്ധപ്പെട്ട പ്രമേയാധിഷ്ഠിത പവലിയനുകൾ ഒരുക്കും.

**************************

## RAILWAYS - MAHA KUMBH

ഈ വർഷത്തെ മഹാ കുംഭമേളയിൽ തീർഥാടകരുടെ വൻ തിരക്ക് കണക്കിലെടുത്ത് ഇന്ത്യൻ റെയിൽവേ 13,000 ട്രെയിൻ സർവീസ് നടത്തും. 10,000 സ്ഥിരം ട്രെയിനുകളും 3,000 പ്രത്യേക ട്രെയിനുകളും ഇതിൽ ഉൾപ്പെടുന്നു. പ്രയാഗ്‌രാജിലെ മഹാ കുംഭമേളയിൽ 40 കോടിയോളം ആളുകൾ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നു. ഗംഗ, യമുന, സരസ്വതി നദികളുടെ സംഗമസ്ഥാനത്ത് ഈ മാസം 13 മുതൽ ഫെബ്രുവരി 26 വരെയാണ് മഹാ കുംഭമേള നടക്കുക.

*

**********

****************************************